# Prime Minister NarendraModi and Prime Minister of Mauritius Pravind Jugnauth to jointly inaugurate the new Supreme Court Building of Mauritius

July 28, 2020

---

## പ്രധാനമന്ത്രി നരേന്ദ്ര മോദിയും മൗറീഷ്യസ് പ്രധാന മന്ത്രി പരവിന്ദ് ജുഗനൗദും ചേർന്ന് മൗറീഷ്യസ് സുപ്രീം കോടതി കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തി.

**ജൂലൈ 28, 2020**

മൗറീഷ്യസിലെ പുതിയ സുപ്രീം കോടതി കെട്ടിടത്തിന്റെ ഉദ്ഘാടനം വ്യാഴാഴ്ച 2020 ജൂലൈ 30 ന് പ്രധാന മന്ത്രി നരേന്ദ്ര മോദിയും മൗറീഷ്യസ് പ്രധാനമന്ത്രി പരവിന്ദ് ജുഗണൗദും ചേർന്ന് നടത്തി. മൗറീഷ്യസിലെ ഉയർന്ന നിയമ ഉദ്യോഗസ്ഥരുടെയും രണ്ടു രാജ്യങ്ങളിലെയും പ്രശസ്തരുടെയും  സാനിധ്യത്തിൽ വിഡിയോ കോൺഫ്രൻസിങ്ങിലൂടെ നടന്നു.കെട്ടിടത്തിന്റെ നിർമാണം ഇന്ത്യയുടെ വലിയ സഹായം മൂലമാണ് സാധ്യമായത് കൂടാതെ കോവിഡിന് ശേഷം തലസ്ഥാനമായ പോർട്ട് ലൂയിസിൽ വരുന്ന ആദ്യ കെട്ടിടനിർമാണ പ്രൊജക്റ്റ് ആണിത്.

മൊറീഷ്യനായി ഇന്ത്യൻ സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ള 353 മില്യൺ യു എസ ഡോളറുകളുടെ സാധ്യത്തിനു കീഴിൽ ആവിഷ്കരിച്ചിട്ടുള്ള അഞ്ചു പ്രോജക്ടുകളിൽ ഒന്നാണ് സുപ്രീം കോർട്ട് കെട്ടിടത്തിന്റെ നിർമാണം. പ്രൊജക്റ്റ് താഴെ പറയുന്ന ഷെഡ്യൂളിൽ താഴെയുള്ള ഏകദേശ ചിലവുകളിലാണ് പൂർത്തിയായത്. 4700 ചതുരശ്ര മീറ്ററിൽ അധികം പരന്നു കിടക്കുന്ന കെട്ടിടത്തിന് 10 നിലകളും ഏകദേശം 25,000 ചതുരശ്ര മീറ്റർ നിർമാണ വിസ്തൃതിയുമാണുള്ളത്. കെട്ടിടത്തിന് ആധുനികമായ രൂപകൽപ്പനയും ചൂടും ശബ്ദവും തടയുന്ന പരിസ്തിയ്ക്കനുയോജ്യമായ സവിശേഷതകളും  ഉയർന്ന ഊർജ ക്ഷമതയുമാണുള്ളത്.

2019 ഒക്ടോബറിൽ, പ്രധാനമന്ത്രി മോദിയും മൗറീഷ്യസ് പ്രധാന മന്ത്രിയും ചേർന്ന് പ്രത്യേക സാമ്പത്തിക പാക്കേജിന് കീഴിലുള്ള  മെട്രോ എക്സ്പ്രസ് പ്രോജക്ടിന്റെ ഫെയ്സ് -1 ഉം പുതിയ ENT ആശുപത്രിയുടെ പ്രോജക്ടും ഉദ്ഘാടനം ചെയ്യുകയുണ്ടായി.മെട്രോ എക്സ്പ്രസ് പ്രോജക്ടിന്റെ ഫെയ്സ്-1 ന് കീഴിൽ 12 കിലോ മീറ്റർ മെട്രോ ലൈൻ കഴിഞ്ഞ സെപ്റ്റംബറിൽ പൂർത്തിയായി അതേസമയം ഫെയ്സ് -2 വിനു കീഴിലെ 14 കിലോമീറ്റർ മെട്രോ പാതയുടെ പണി നടന്നു കൊണ്ടിരിക്കുകയാണ്. ENT ആശുപത്രി പ്രൊജക്റ്റ്

മുഖേനെ മൗറീഷ്യസിൽ 100 ബെഡുകൾ ഉള്ള ENT ആശുപത്രിയുടെ നിർമാണത്തിനാണ് ഇന്ത്യ സഹായം നൽകിയത്.

പുതിയ സുപ്രീം കോർട്ട് കെട്ടിടം നഗര മധ്യത്തിൽ പ്രധാനപ്പെട്ട ഒരു അടയാളമാണ്, ഇത് രണ്ടു രാജ്യങ്ങൾ തമ്മിലുള്ള ശക്തമായ ഉഭയകക്ഷി ബന്ധത്തിന്റെ സൂചകം കൂടിയാണ്

**ന്യൂ ഡൽഹി**

**28 ജൂലൈ, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.